**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 711** — **26-07-2021 - ൽ മറുപടിയ്ക്ക്**

**അകലാപ്പുഴ നടേരികടവ് പാലങ്ങളുടെ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയിൽ ഫണ്ട് അനുവദിക്കപ്പെട്ട അകലാപ്പുഴ നടേരികടവ് പാലങ്ങളുടെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന വിശദാംശം ലഭ്യമാക്കാമോ; | (എ) | അകലപ്പുഴ പാലം നിർമ്മാണം പ്രസ്തുത പാലത്തിനു 30 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സാമൂഹ്യ ആഘാത പഠനം ഉൾപ്പടെയുള്ള നടപടികൾ പുരോഗമിക്കുന്നു. ഏറ്റെടുക്കേണ്ട ഭൂമിയിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനായുള്ള നടപടികളും പുരോഗമിക്കുകയാണ്. 2. നടേരിക്കടവ് പാലം നിർമ്മാണം പ്രസ്തുത പാലത്തിനു 23.03 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. 167 സെന്റ് സ്ഥലം പ്രസ്തുത പദ്ധതിക്കായി ഏറ്റെടുക്കുന്നതിന് വേണ്ടി, ഇതിൽ നിന്നും 37.14 ലക്ഷം രൂപ നീക്കി വെച്ചിട്ടുള്ളതാണ്. ഏറ്റെടുക്കേണ്ട സ്ഥലങ്ങളുടെ വിശദ വിവരങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | അകലാപ്പുഴ പാലത്തിന്റെ സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസ് നിലവിലുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; ഇക്കാര്യത്തിൽ വകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | അകലപ്പുഴ പാലത്തിന്റെ ഉറയൂർ ഭാഗത്തുള്ള അപ്രോച്ച് റോഡിന്റെ അലൈൻമെന്റുമായി ബന്ധപ്പെട്ട് WP(C)2898/2021 നമ്പരായി ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കേസുമായി ബന്ധപ്പെട്ട എതിർ സത്യവാങ്മൂലം സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | നടേരികടവ് പാലത്തിന്റെ ഭൂമി ഏറ്റെടുക്കലിനായി വകുപ്പ് സ്വീകരിച്ച പ്രാരംഭ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | നടേരിക്കടവ് പാലത്തിന്റെ ഭൂമി ഏറ്റെടുക്കലിനായി ഏറ്റെടുക്കേണ്ട സ്ഥലങ്ങളുടെ വിശദ വിവരങ്ങൾ ഉൾപ്പെടുന്ന അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ